(2) പ്രധാനചെക്ക്പോസ്റ്റുകളും ജില്ലാ ആസ്ഥാനവും വകുപ്പ് ആസ്ഥാനവുമായി ബന്ധപ്പെടുത്തികൊണ്ട് ഒരു കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ എല്ലാ മേജർ ചെക്ക്പോസ്റ്റുകളും ഹൈവേയിൽ സ്ഥാപിച്ചിരിക്കുന്നതുകൊണ്ട് വളരെ തിരക്ക് അനുഭവപ്പെടുകയും വാഹനങ്ങൾ ശരിയായി പരിശോധിക്കുന്നതിനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടാറുമുണ്ട്. അവ പരിഹരിക്കുന്നതിനുവേണ്ടി വാളയാർ, ആര്യങ്കാവ്, കുമിളി എന്നീ ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് സ്ഥലം അക്വയർചെയ്യുകയും ചരക്കു വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യം, ചേബ്രിഡണ്ട്, കെട്ടിടസൗകര്യങ്ങൾ മുതലായ നവീകരണപ്രക്രിയകൾ നടന്നുവരുന്നു. കാസർകോഡ്, മഞ്ചേശ്വരം ചെക്ക്പോസ്റ്റിനോടനുബന്ധിച്ച് സ്ഥലം അക്വയർചെയ്യുകയും മറ്റു പ്രാരംഭപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. മുത്തങ്ങ ചെക്ക് പോസ്റ്റിനുവേണ്ടി സ്ഥലം ലഭിക്കുന്നതിലേക്കായി വനം വകുപ്പുമായി ബന്ധപ്പെട്ടു വരുന്നു.

(3) ചില ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായി അനധികൃതപാതക ളിലൂടെ കള്ളക്കടത്തു നടത്തുന്നതായി മനസ്സിലാക്കുകയും അതനുസരിച്ച് നിലവിലുള്ള ചെക്ക്പോസ്റ്റും സമാന്തര വഴിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് അവ മാറ്റി സ്ഥാപിക്കുന്നതിനും അവ പറ്റാത്ത സ്ഥലങ്ങളിൽ പുതിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരുന്നു.

(4) ഇന്റലിജൻസ് സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകളിൽ കൂടി കടന്നു വരുന്ന വാഹനങ്ങൾ പരിശോധിച്ചു നികുതി വെട്ടിപ്പു ബോദ്ധ്യമാകുന്ന കേസുകളിന്മേൽ സെക്യൂരിറ്റി തുക ഈടാക്കുകയും അങ്ങനെ ചെക്കുപോസ്റ്റു വഴി കടന്നുവരുന്ന വാഹനങ്ങൾ ശരിയായ രീതിയിൽ പരിശോധിച്ചിട്ടില്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(5) വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാർ കൂടെക്കൂടെ ചെക്ക്പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുകയും ചെക്ക്പോസ്റ്റുകളിൽ ഡ്യൂട്ടിയിലിരിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥൻമാരെയും മാറ്റി പകരം വേറെ ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചുകൊണ്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം നിയന്ത്രിക്കുകയും പിഴവുകൾ കണ്ടുപിടിച്ചു അവയ്ക്കുള്ള പരിഹാരവും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

പുഞ്ചകൃഷിക്കുവേണ്ടി വെള്ളം പമ്പ് ചെയ്യുന്നതിന് സബ്സിഡി

22 (*671) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഞ്ചകൃഷിക്കുവേണ്ടി വെള്ളം പമ്പുചെയ്യുന്നതിനു വേണ്ടിവരുന്ന ചെലവുകൾക്ക് സമ്പൂർണ്ണ സബ്സിഡി നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ഏതു കാലഘട്ടത്തിലെ ചെലവിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നിശ്ചയിച്ചിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പമ്പിംഗ് കോൺട്രാക്ടർ വെള്ളം വറ്റിക്കുന്നതിന് ചെലവഴിക്കുന്ന തുക മുഴുവൻ സബ്സിഡിയായി നൽകാത്തതുകൊണ്ട് കർഷകർ പമ്പിംഗ് കോൺട്രാക്ടർക്ക് അഡീഷണൽ നേർമ കൊടുക്കേണ്ടതായി വരുന്നുണ്ടോ ;

(ഡി) ഇക്കഴിഞ്ഞ പുഞ്ച കൃഷിക്ക് അഡിഷണൽ നേർമ എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഇല്ല.

(ബി) നിലവിലുള്ള പമ്പിംഗ് റൂൾസ്പ്രകാരം മുൻകൊല്ലത്തെ കൃഷിക്കുള്ള പമ്പിംഗ് സബ്സിഡി തൊട്ടുമുമ്പുള്ള മൂന്നുകൊല്ലത്തെ പമ്പിംഗ് ലേലനിരക്കിന്റെ ശരാശരി തുകയായിരിക്കും.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മദ്യവർജ്ജനപ്രചാരണം

23 (*672) ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യവർജ്ജനത്തിന് പ്രചാരം നൽകുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) ഇതുമൂലം മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചയെപ്പറ്റി അവലോകനം ചെയ്യുന്നതിന് സന്നദ്ധമാകുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സന്നദ്ധസംഘടനകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരം സംഘടനകൾക്ക് മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം, കൗൺസലിംഗ്, ചികിത്സ എന്നിവ നടത്തുന്നതിന് 'സ്കീം ഫോർ പ്രൊഹിബിഷൻ ആന്റ് ഡ്രഗ് അബ്യൂസ് പ്രിവൻഷൻ' പ്രകാരം സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ സാമൂഹ്യ-സന്നദ്ധ സംഘടനകളുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നതിന് സംസ്ഥാനസർക്കാർ ഒരു പദ്ധതിക്ക് രൂപം നൽകി. 23-10-1999-ലെ ജി. ഒ. (എം. എസ്) 151/99/നി.വ.പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യൻ നിർമ്മിത വിദേശമദ്യ കുപ്പികളിലെ ലേബലിൽ "മദ്യപാനം ആരോഗ്യത്തിന് ഹാനികരം" എന്ന നിയമപരമായ മുന്നറിയിപ്പ് രേഖപ്പെടുത്തിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly